പുതിയ കോടതികൾ ആരംഭിക്കുവാൻ നടപടി

63. [827] ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടതികളിലെ കേസുകളുടെ ബാഹുല്യവും നീതി ലഭിക്കാനുള്ള കാലതാമസവും പരിഗണിച്ച് മലയോര മേഖലയിൽ പുതിയ സിവിൽ ക്രിമിനൽ കോടതികൾ ആരംഭിക്കാനുള്ള നിർദ്ദേശം പരിഗണിക്കുമോ ;

(ബി) ശ്രീകണ്ഠപുരം ആസ്ഥാനമായി ഒരു ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി അനുവദിക്കണമെന്ന ആവശ്യത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഹൈക്കോടതി അംഗീകരിച്ച കോടതികളുടെ മുൻഗണനാ ലിസ്റ്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) പുതിയ കോടതികൾ സ്ഥാപിക്കുന്നത് ഹൈക്കോടതിയുടെ തീരുമാനം അനുസരിച്ചാണ്. പുതിയ കോടതികൾ സ്ഥാപിക്കുന്നതിന് എല്ലാ പ്രദേശങ്ങളുടേയും പ്രതിനിധാനം പരിഗണിക്കാറുണ്ട്.

(ബി) ശ്രീകണ്ഠപുരത്ത് ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതി അനുവദിക്കണമെന്ന ആവശ്യം സർക്കാർ പുറപ്പെടുവിച്ച മുൻഗണനാ പട്ടികയിൽ പതിനൊന്നാമത് ഇനമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ബന്ധപ്പെട്ട സർക്കാർ ഉത്തരവ് 26-7-2004-ലെ ജി.ഒ. (ആർ.റ്റി) 1642/04/ഹോം അനുബന്ധമായി വച്ചിട്ടുണ്ട്. †

വീഡിയോ കോൺഫറൻസിംഗ് സൗകര്യം

64. [828] ശ്രീ. കോവൂർ കുഞ്ഞുമോൻ

,, എ.എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് കോടതികൾ, ജയിലുകൾ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സംവിധാനം നടപ്പിലാക്കുന്നതിനായി എന്ത് തുക നീക്കിവെച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) എത്ര രൂപ ഇതിനകം ചെലവിട്ടു കഴിഞ്ഞു ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly